**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3223** **01-03-2023 - ൽ മറുപടിയ്ക്ക്**

**മലയാള ഭാഷയുടെ എഴുത്തും വായനയും സ്വായത്തമാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ മലയാളം എഴുതാനും വായിക്കാനും അറിയാത്ത ഒരു തലമുറ വളർന്ന് വരുന്ന വിവരം വിദ്യാഭ്യാസ വകുപ്പിന്റെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാധാരണ ഗതിയിൽ രണ്ടാം ക്ലാസ്സിന്റെ അവസാനത്തോടെ എല്ലാ അക്ഷരങ്ങളും കുട്ടിയിൽ സ്വായത്തമാകും. എല്ലാ അക്ഷരങ്ങളും കൃത്യമായി ഉറയ്ക്കാത്ത ഒരു ന്യൂനപക്ഷം ഉണ്ടെന്ന് ചില പഠനങ്ങൾ തെളിയിക്കുന്നു. അത് ഈ ഒരു തലമുറയുടെ മാത്രം പ്രത്യേകതയാണെന്ന് പറയാൻ കഴിയില്ല |
| (ബി) | പ്രസ്തുത സാഹചര്യത്തെ ഫലപ്രദമായി നേരിടാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | (ബി)അക്ഷരങ്ങൾ ആശയാവതരണരീതിയിലൂടെ എല്ലാ കുട്ടികളിലും എത്തിക്കാൻ വ്യത്യസ്തപഠനപോഷണ പരിപാടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും പോരായ്മകളുണ്ടെങ്കിൽ ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഈ വിഷയത്തിന് പ്രഥമ പരിഗണനനൽകി എല്ലാവരിലും പൂർണമായും അക്ഷരം ഉറയ്ക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ട്തന്നെ മറ്റുള്ളവർക്ക് മലയാള ഭാഷയുടെ എഴുത്തും വായനയും സ്വായത്തമാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | (സി) കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങൾക്ക് മലയാളഭാഷയിൽ എഴുത്തും വായനയും സ്വായത്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ തമിഴ്, കന്നട മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്ക് വ്യത്യസ്ത പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പുസ്തകം പഠിച്ചുവരുന്നവർക്ക് അഞ്ചാം ക്ലാസ് മുതൽ മലയാളം അടിസ്ഥാന പാഠാവലി പാഠപുസ്തകം തുടർന്ന് പഠിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ